# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **362** — **03.02.2014**-ൽ മറുപടിക്ക്

## 'ആരോഗ്യ മേഖലയിലെ വിദേശ നിക്ഷേപം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. എ.പ്രദീപ്കുമാർ<br>ഡോ. കെ.ടി.ജലീൽ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപമോ ബഹുരാഷ്ട്ര കുത്തകകളുടെ സഹകരണമോ തേടണമെന്ന നിർദ്ദേശം പ്ലാനിംഗ് ബോർഡിന്റെ കരട് രേഖയിൽ ഉള്ളതായി അറിവുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) വിവിധ വികസന മേഖലകളിൽ ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും മുൻകൂട്ടി തയ്യാറാക്കുകയും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികൾ യഥാസമയം നടപ്പാക്കി കേരളത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പെഴ്സ്പെക്ടീവ് പ്ലാൻ 2030 എന്ന ശീർഷകത്തിൽ ഒരു പദ്ധതി പരിപ്രേഷ്യത്തിന്റെ കരട് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച്' എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. വിവിധ വികസന മേഖലകളിൽ ഉണ്ടാകേണ്ട സമഗ്ര പുരോഗതിയുടെ ആവശ്യവും മാർഗ്ഗങ്ങളും പ്രതിപാദിക്കുന്ന ഭാഗത്ത് ആരോഗ്യത്തിലൂടെ സാമ്പത്തിക പുരോഗതി ഉണ്ടാകണമെന്നും അതിനായി ആഗോള ആരോഗ്യ നഗരങ്ങൾ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നഗരങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആരോഗ്യ വിദ്യാഭ്യാസം, പരിശീലനം, |

ആരോഗ്യ സംരക്ഷണ സേവനങ്ങൾ, സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാൽ മികവിന്റെ കേന്ദ്രങ്ങളാക്കി സേവന കൈമാറ്റം നടത്തേണ്ടതും അതിനായി വിവര സാങ്കേതിക വിദ്യ വഴി കേരള അതിർത്തി കടന്നുള്ള ആരോഗ്യ സേവനങ്ങൾ, മെഡിക്കൽ ടൂറിസം, ആരോഗ്യ വിദഗ്ധരുടെയും വിജ്ഞാനത്തിന്റെയും കൈമാറ്റം, അകത്തേക്കും പുറത്തേക്കുമുള്ള വിദേശ നിക്ഷേപം എന്നീ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും ആണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | (ബി) & (സി) | പ്രസ്തുത കരട് രേഖ വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും പൊതുജനങ്ങൾക്ക് വായിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ ജനങ്ങൾ രേഖപ്പെടുത്തിയ പ്രതികരണങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്യാനായി വിപുലമായ ശില്പശാല നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കരട് നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡോ, കേരള സർക്കാരോ അംഗീകരിച്ചിട്ടില്ല. വിപുലമായ ചർച്ചകളുടെയും കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. |
| (സി) | ഔഷധ നിർമ്മാണ മേഖലയിലെ വിദേശ നിക്ഷേപം രാജ്യതാൽപര്യത്തിനെതിരാണെന്ന് രാജ്യത്തെ പരമോന്നത നീതിപീഠം പ്രസ്താവിക്കാനിടയാക്കിയ പശ്ചാത്തലത്തിൽ പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം പുന: പരിശോധിക്കുവാൻ ആവശ്യപ്പെടുമോ? | | |

**സെക്ഷൻ ഓഫീസർ**